# ഖുർആനെതിരിൽ കോടതിയിൽ

മനുഷ്യന് ഏറ്റവും നേരായ വഴികാട്ടിയാണ് ഖുർആൻ. എന്നിട്ടും അത് നിരോധിക്കണമെന്നാവശ്യപ്പെട്ടുള്ള ഒരു ഹരജി നമ്മുടെ രാജ്യത്ത് ഫയൽചെയ്യപ്പെട്ടു.

"ഖുർആൻ കുറ്റകൃത്യങ്ങളും അതിക്രമങ്ങളും ചെയ്യാൻ പ്രേരിപ്പിക്കുന്നു, പൊതുജീവിതത്തിൽ സ്വാസ്ഥ്യം ഇല്ലാതാക്കുന്നു, മതങ്ങൾ തമ്മിൽ ശത്രുതാമനോഭാവം വർധിപ്പിക്കുന്നു, വ്യത്യസ്ത മതവിഭാഗങ്ങൾ തമ്മിൽ വിദ്വേഷവും ഇഷ്ടക്കേടും ഉണ്ടാക്കുന്നു, ഇന്ത്യയിൽ മറ്റു ജനവിഭാഗങ്ങളുടെ വിശ്വാസപ്രമാണങ്ങളെ അവമതിക്കുന്നു, ഇതിനെല്ലാം പുറമെ ഇസ്‌ലാം മുസ്‌ലിംകളോട് അമുസ്‌ലിംകളെ കൊല്ലാൻ അനുശാസിക്കുന്നു" തുടങ്ങിയ ആരോപണങ്ങളാണ് ഹരജിക്കാരൻ ഉന്നയിച്ചത്. ഖുർആൻ സൂക്തങ്ങളെ സന്ദർഭത്തിൽനിന്ന് അടർത്തിമാറ്റി വ്യാഖ്യാനിച്ചുകൊണ്ടാണ് ഈ കേസ് സമർപ്പിച്ചത്. ഏതൊരു ഖുർആനികവചനത്തെയും സന്ദർഭവുമായി ബന്ധപ്പെടുത്തിയായിരിക്കണം സമീപിക്കേണ്ടത് എന്ന സുനിർണിത യാഥാർഥ്യം തൽപരകക്ഷികൾ സൗകര്യപൂർവം അവഗണിക്കുകയായിരുന്നു. 1985-ൽ കൽക്കത്താ ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഈ കേസ് ദുരുദ്ദേശ്യപരവും ഖുർആന്റെ ദുർവ്യാഖ്യാനവുമാണെന്ന് തിരിച്ചറിഞ്ഞ് കോടതി തള്ളി. പ്രഥമ ദൃഷ്ട്യാതന്നെ തള്ളിക്കളയേണ്ട കേസാണ് ഇതെന്നാണ് 1985 മെയ് 11-ന് ഇതിൽ തീർപ്പ് കൽപിക്കവെ ജസ്റ്റിസ് ബിമൽ ചന്ദ ബസാക് അഭിപ്രായപ്പെട്ടത്.

"മതസമൂഹങ്ങൾക്കിടയിൽ അസഹിഷ്ണുത വർധിപ്പിക്കാനേ ഇത്തരം പ്രവൃത്തികൾ ഉപകരിക്കൂ. ദൈവികഗ്രന്ഥമായ ഖുർആനെ അസ്ഥാനത്ത് ഉദ്ധരിച്ചും തെറ്റായി വ്യാഖ്യാനിച്ചും സന്ദർഭത്തിൽനിന്നടർത്തിയെടുത്തുമാണ് ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത്"- കോടതി വിധിന്യായത്തിൽ പറഞ്ഞു.

"എന്റെ അഭിപ്രായത്തിൽ ഖുർആൻ ഒരു തരത്തിലും മറ്റൊരു മതത്തെ അവമതിക്കാൻ ആഹ്വാനം ചെയ്യുന്നില്ല. കരുതിക്കൂട്ടിയോ വിദ്വേഷത്തോടെയോ അമുസ്‌ലിംകളുടെ മതവികാരത്തെ വ്രണപ്പെടുത്തുന്ന യാതൊന്നും ഖുർആനിലുള്ളതായി തോന്നുന്നില്ല"- ജഡ്ജി രേഖപ്പെടുത്തി.

**കെ.എ. നാസിർ**